

രേഖാചിത്രം: ശ്രുതിമുഖം



രേഖാചിത്രം: നമ്പൂതിരി

മിഥ്യ മാർക്സിസം മാനവികതയിലേക്ക്

ഗാന്ധിസത്തിനും മാർക്സിസത്തിന്റെ വിതണ്ഡവാദങ്ങൾക്കുമപ്പുറത്ത് ജനാധിപത്യ മാനവികതാവാദത്തിന്റെ വിപ്ലവാത്മക രാഷ്ട്രീയത്തെ മുന്നോട്ടുവെച്ച എം.എൻ.റോയിയുടെയും എം. ഗോവിന്ദന്റെയും രാഷ്ട്രീയജീവിതത്തിലൂടെ ഒരു സഞ്ചാരം. വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികളുടെ ജീർണത കൂടുതൽ വ്യക്തമാകുമ്പോൾ നവരാഷ്ട്രീയ ചിന്തയ്ക്ക് ഈ വിപ്ലവകാരികളുടെ രാഷ്ട്രീയം പകർന്നുനൽകുന്നതെന്തെന്ന് പരിശോധിക്കപ്പെടുന്നു.

ഇ.വി.ശ്രീധരൻ

കമ്യൂണിസ്റ്റുലോകത്തെ, ലോക വിപ്ലവകാരിയായിരുന്ന എം.എൻ.റോയിയെക്കുറിച്ചെഴുതാനല്ല ഇവിടെ പുറപ്പാട്. അദ്ദേഹത്തിന്റെ രാഷ്ട്രീയാശയങ്ങളുടെ പാതയിലൂടെ കർമനിരതനായി കടന്നുവന്ന്, ഹ്യൂമനിസത്തിന്റെ മനുഷ്യസങ്കല്പത്തിലേക്കു തിരിഞ്ഞ എം.ഗോവിന്ദൻ എന്ന മലയാള എഴുത്തുകാരനിലെ, ചിന്തയുടെ ബലത്തിൽ ജീവിതം നിരൂപണം ചെയ്ത മനുഷ്യസ്നേഹിയിലെ, കരുത്തനായ രാഷ്ട്രീയ മനുഷ്യന്റെ കർമരേഖകം ഒന്നോർത്തെടുക്കുക എന്നതാണ് ഉദ്ദേശ്യം. എം.ഗോവിന്ദന്റെ രാഷ്ട്രീയ സങ്കല്പങ്ങളും കർമബോധവും രൂപപ്പെട്ടത് മാനവേന്ദ്രനാഥ റോയിയുടെ രാഷ്ട്രീയ ദർശനങ്ങളിൽ നിന്നായതുകൊണ്ട് ഗോവിന്ദന്റെ രാഷ്ട്രീയത്തെക്കുറിച്ചുള്ള ഈ കുറിപ്പ് റോയിയിൽ നിന്നുതന്നെ തുടങ്ങേണ്ടിയിരിക്കുന്നു.

എം.എൻ.റോയി മരിച്ചപ്പോൾ ഗോവിന്ദൻ ഇങ്ങനെ എഴുതി: "എം.എൻ.റോയി എന്ന മനുഷ്യൻ മരിച്ചു. പക്ഷേ, അദ്ദേഹം മറ്റൊരു തരത്തിൽ ഇന്നും ജീവിക്കുന്നു. റോയിയുടെ ഒരംശം എന്നിലുണ്ടെന്നു പറയാൻ ഞാൻ ഇഷ്ടപ്പെടുന്നു." ഇവർ ഇരുവരുടേതും എവിടെയൊക്കെയോ ഒരേ മനസ്സായിരുന്നു. അങ്ങനെയാവുമ്പോൾ റോയിയുടെ മുൻപിൽ വെച്ച് നമുക്ക് ഗോവിന്ദന്റെ രാഷ്ട്രീയം കാണാൻ ശ്രമിക്കാം.

ആരാണ് ഈ മാനവേന്ദ്രനാഥ റോയി? ലോക കമ്യൂണിസത്തോടുള്ള ഈ ചോദ്യം അവിടെയിരിക്കട്ടെ. ബംഗാളിയായ മാനവേന്ദ്രനാഥ റോയിയാണ് ഇന്ത്യയിലെ ആദ്യത്തെ കമ്യൂണിസ്റ്റ്. എന്നാൽ, ഇന്ത്യയിൽ കമ്യൂണിസ്റ്റ് പാർട്ടി വേരുപിടിക്കുന്നതിനു മുൻപുതന്നെ അദ്ദേഹം 'എക്സ് കമ്യൂണിസ്റ്റായിത്തീർന്നു. 'കമ്യൂണിസത്തിൽനിന്ന് മുന്നോട്ടു'പോകാനുള്ള റോയിയുടെ ആശയങ്ങളെ കമ്യൂണിസ്റ്റ്വിരുദ്ധ ചിന്താഗതിയായിട്ടേ കമ്യൂണിസ്റ്റുകാർക്ക് കാണാൻ കഴിഞ്ഞുള്ളൂ. ഈ ലോകവിപ്ലവകാരിക്കും ചൂടേണ്ടിവന്നു കമ്യൂണിസ്റ്റ്വിരുദ്ധന്റെ മുഴക്കിരീടം. ഈ മുഴക്കിരീടം റോയിക്കു നൽകിയത് ഇന്ത്യയിലെ ദേശീയവാദികളായ ഗാന്ധിയൻ അനുയായികളും, ഇന്നത്തെ ഹൈന്ദവ രാഷ്ട്രീയത്തിന്റെ പ്രപിതാമഹന്മാരും, റോയിയുടെ കാലത്ത് നാമമാത്രമായുണ്ടായിരുന്ന ഇന്ത്യയിലെ കമ്യൂണിസ്റ്റുകാരുമായിരുന്നു. ഇവരെല്ലാംകൂടി ഇന്ന് ഇന്ത്യൻ രാഷ്ട്രീയം എവിടെവരെ എത്തിച്ചു എന്ന യാഥാർഥ്യത്തിനു മുൻപിൽ നാം നിൽക്കുമ്പോഴും ഇവർ റോയിക്ക് ചൂടിക്കൊടുത്ത മുഴക്കിരീടം ഇവർക്കുതന്നെ ഇന്ന് എടുത്തണിയേണ്ടിവന്നി

Scanned with CamScanner

രിക്കുന്നു എന്ന ദുഃഖസത്യത്തിനും നാം സാക്ഷികളാവുന്നു. വാസ്തവത്തിൽ, ഇന്ത്യയിലെ ദേശീയവാദികൾക്കും കമ്യൂണിസ്റ്റുകാർക്കുമൊക്കെ റോയി അന്ന് അന്യനായിരുന്നു; ഇന്നും. അദ്ദേഹത്തിന്റെ അനുഭവത്തിലേക്കും അറിവിലേക്കും അത്ഭുതകരമായ സംഘടനാപാടവത്തിലേക്കും ദിർഘദർശനശേഷിയിലേക്കും വരാൻ അവർക്കാകുമായിരുന്നില്ല. ലോക കമ്യൂണിസ്റ്റ് പ്രവർത്തനങ്ങളിൽ ഐതിഹാസികമായി പങ്കെടുത്ത്, കമ്യൂണിസം വാരിയണിയുന്ന വൈകൃതങ്ങളെ മായ്ച്ചുകളയാനുള്ള താത്ത്വികമായ സംഭാവനകൾ നൽകി അദ്ദേഹം ഗാന്ധിജിയുടെ ഇന്ത്യയിലേക്കു തിരിച്ചുപോന്നു. കമ്യൂണിസത്തിന്റെ പോക്ക് ദീർഘദർശനം ചെയ്തു തിരിച്ചറിഞ്ഞാണ് കമ്യൂണിസത്തിൽനിന്നു മുന്നോട്ടുള്ള വഴി റോയി തിരിച്ചറിഞ്ഞത്. എന്താ, റോയി പ്രവാചകനാണോ എന്നു വേണമെങ്കിൽ ചോദിക്കാം. അതെ, റോയി പ്രവചിച്ചതും ഒരു ശാസ്ത്രജ്ഞനെപ്പോലെ തിരിച്ചറിഞ്ഞതും തന്നെയാണ് കമ്യൂണിസത്തിനു പിൽക്കാലത്ത് സംഭവിച്ചത്.

എം.എൻ.റോയിയുടെ ജീവചരിത്രവും സാഹസികമായ പ്രവർത്തനങ്ങളും സൈദ്ധാന്തിക കാര്യങ്ങളെക്കുറിച്ചുള്ള എഴുത്തും യൂറോപ്പിലെ പല രാജ്യങ്ങളിലും ചിതറിക്കിടക്കുന്നു. ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമൻ, സ്പാനിഷ് എന്നീ ഭാഷകൾ അദ്ദേഹത്തിന് നന്നായി കൈകാര്യം ചെയ്യാൻ കഴിയുമായിരുന്നു. ഒരു അത്ഭുതകഥയിലെ വീരസാഹസിക നായകന്റെ ജീവിതമാണ് അദ്ദേഹം ജീവിച്ചുതീർത്തത്. അദ്ദേഹത്തിന്റെ സാഹസികപ്രവർത്തനങ്ങളും ഇടപഴകിയ വ്യക്തികളും റോയിയുടെ മരണത്തോടൊപ്പം മാഞ്ഞുപോയി. 14-ാം വയസ്സിൽ തുടങ്ങുന്നു അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രവർത്തനങ്ങൾ. 67-ാം വയസ്സിൽ മരിക്കുന്നതുവരെ ഇത് തുടർന്നു. അപകടങ്ങളുടെ സഹയാത്രികനായിരുന്നു ഈ മനുഷ്യൻ. പല നാടുകളിലും പല പേരിലും ജീവിച്ചാണ് റോയി പ്രവർത്തിച്ചത്. ഈ ചെറുപ്പക്കാരന്റെ അറിവും പാണ്ഡിത്യവും പ്രവർത്തനശൈലിയും ബന്ധപ്പെട്ട എല്ലാവരെയും ആകർഷിച്ചു. കമ്യൂണിസം മനുഷ്യവംശത്തിനു വേണ്ടിയുള്ള മഹത്തായ ഒരാദർശമാണെന്ന വിശ്വാസമാണ് റോയിയെ നയിച്ചതും ചിന്തിപ്പിച്ചതും. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും ക്രാന്തദർശിത്വത്തിൽ നിന്നുണ്ടായ എഴുത്തുമായി പരിചയപ്പെടുന്നവർ വിസ്മയിക്കുന്നു, ഇങ്ങനെയൊക്കെ ഒരു മനുഷ്യനു കഴിയുമോയെന്ന്. രാഷ്ട്രീയ മണ്ഡലത്തിൽ ഇത്രയേറെ ഔന്നത്യമുള്ള മറ്റൊരു ഭാരതീയൻ ഉണ്ടായിട്ടില്ല. റോയിയെക്കുറിച്ച് ലെനിൻ അദ്ദേഹത്തെ കാണുന്നതിനു മുൻപുതന്നെ നന്നായി മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. ആറടി നാലിഞ്ച് ഉയരമുള്ള എം.എൻ.റോയി എന്ന ചെറുപ്പക്കാരനെ കണ്ടപ്പോൾ ലെനിൻ പറഞ്ഞു: "നിങ്ങളെത്ര ചെറുപ്പമാണ്! കിഴക്കു നിന്നുള്ള ഒരു ദിവ്യനെയാണ് ഞാൻ പ്രതീക്ഷിച്ചത്" ബറോഡിനിലൂടെയാണ് റോയിയെക്കുറിച്ച് ലെനിൻ മനസ്സിലാക്കുന്നത്. റോയിയുടെ കഴിവിൽ തികഞ്ഞ വിശ്വാസവും പ്രതീക്ഷയുമുണ്ടായിരുന്നു. മെക്സിക്കോയിൽ റോയിയുടെ ശ്രമത്തിലും നേതൃത്വത്തിലുമുണ്ടായ മെക്സിക്കൻ സോഷ്യലിസ്റ്റു പാർട്ടിയാണ് റഷ്യയ്ക്ക് പുറത്തുണ്ടാവുന്ന ആദ്യത്തെ കമ്യൂണിസ്റ്റ് പാർട്ടി. ലെനിൻ ബറോഡിനിലൂടെ റഷ്യയിലേക്ക് റോയിയെ ക്ഷണിക്കുകയായിരുന്നു. മെക്സിക്കൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ സെക്രട്ടറി ജനറലായിരുന്ന എം.എൻ.റോയിയെയാണ് ലെനിൻ റഷ്യയിലേക്കു ക്ഷണിക്കുന്നത്. ലെനിനും റോയിയും വളരെയേറെ അടുക്കുന്നു. റോയിയുടെ ആസ്ഥാനം അപ്പോൾ താഷ്കെൻറായിരുന്നു. കമ്യൂണിസ്റ്റാശയത്തിലേക്കു വരുന്നവർക്ക് കമ്യൂണിസ്റ്റ് വിദ്യാഭ്യാസം നൽകുന്ന മാർക്സിസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ തലവനായിരുന്നു. ലോക കമ്യൂണിസത്തിന്റെ ചരിത്രത്തിൽ ഇതെല്ലാം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി ഇക്കാര്യങ്ങളൊന്നും അറിഞ്ഞിട്ടേയില്ല.

യുക്തിയും ക്രാന്തദർശിത്വവും അടങ്ങാത്ത അന്വേഷണ ദാഹവുമായിരുന്നു റോയിയെ സാഹസികനായ വിപ്ലവകാരിയാക്കിയത്. കമ്യൂണിസ്റ്റ് വിപ്ലവങ്ങൾക്ക് സിദ്ധാന്തപരമായ കനത്ത സംഭാവനകൾ തന്നെ റോയി നൽകിയിട്ടുണ്ട്. കോളനികളിൽ നടക്കേണ്ട വിപ്ലവങ്ങളെക്കുറിച്ച് ഏറ്റവുമധികം ആലോചിച്ചത് റോയിയായിരുന്നു. കോളനികളിലെ വിപ്ലവങ്ങളെക്കുറിച്ച് കമ്യൂണിസ്റ്റ് ഇൻറർനാഷണലിന്റെ രണ്ടാം സമ്മേളനം ലെനിന്റെ തീസിസ് അംഗീകരിച്ചു. എന്നാൽ തന്റേതിനെക്കാളും പല കാരണങ്ങളാലും റോയിയുടെ തീസിസ്സാണ് പ്രാധാന്യമർഹിക്കുന്നതെന്ന് ലെനിൻ ഉറപ്പിച്ചു പറഞ്ഞു. അങ്ങനെയാണ് റോയിയുടെ തീസിസ് ലെനിന്റെ കൊളോണിയൽ തീസിസ്സിന്റെ അഡിഷണൽ തീസിസ്സായി അംഗീകരിക്കപ്പെടുന്നത്. റോയി താഷ്ക്കൻറിലെ മാർക്സിസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിലിരുന്നുകൊണ്ട് കമ്യൂണിസ്റ്റ് വിപ്ലവത്തിനാവശ്യമായ സൈദ്ധാന്തിക ജ്ഞാനം രൂപപ്പെടുത്തുകയായിരുന്നു. റോയിയുടെ സൈദ്ധാന്തിക ജ്ഞാനത്തിന്റെ സംഭാവനകൾ പിന്നീട്, പലരുടെയും പേരിൽ പ്രചരിക്കപ്പെട്ടു. റോയിയുടെ കമ്യൂണിസത്തിന് അർഥം വേറെയായിരുന്നു. മാവോയുടെ പേരിൽ പ്രചരിച്ച പല സൈദ്ധാന്തിക കാര്യങ്ങളുടെയും മൂലരേഖകൾ പിന്നീട് റോയിയുടെ തലയ്ക്കത്ത് ജനിച്ചതാണ്. കമ്യൂണിസ്റ്റ് വിപ്ലവങ്ങൾക്കുവേണ്ടി എം.എൻ.റോയി നൽകിയ സൈദ്ധാന്തിക സംഭാവനകൾ ഇന്നും പൂർണമായി പുറത്തുവന്നിട്ടില്ല. ലോകത്ത് പലേടത്തുമായി അത് ചിതറിക്കിടക്കുന്നു. അവയെല്ലാം പുറത്തുകൊണ്ടുവരാനുള്ള ശ്രമങ്ങൾ ഇപ്പോഴും നടക്കുന്നുണ്ട്. ഈ ശ്രമങ്ങളിൽ ഇന്ത്യയിൽ ഇപ്പോഴും ഏറെ മുഴുകിയിരിക്കുന്നത് ശിബനാരായൺ റെ എന്ന റാഡിക്കൽ ഹ്യൂമനിസ്റ്റാണ്.

സ്റ്റാലിൻ എങ്ങോട്ടാണ് കമ്യൂണിസത്തെ നയിക്കുകയെന്ന് ദീർഘദർശനം ചെയ്തു മനസ്സിലാക്കിത്തന്നെയാണ് റഷ്യയിൽനിന്ന്

ബംഗാളിയായ മാനവേന്ദ്രനാഥ റോയിയാണ് ഇന്ത്യയിലെ ആദ്യത്തെ കമ്യൂണിസ്റ്റ്. എന്നാൽ, ഇന്ത്യയിൽ കമ്യൂണിസ്റ്റ് പാർട്ടി വേരുപിടിക്കുന്നതിനു മുൻപുതന്നെ അദ്ദേഹം 'എക്സ്' കമ്യൂണിസ്റ്റായിത്തീർന്നു. 'കമ്യൂണിസത്തിൽനിന്ന് മുന്നോട്ടു'പോകാനുള്ള റോയിയുടെ ആശയങ്ങളെ കമ്യൂണിസ്റ്റ്വിരുദ്ധ ചിന്താഗതിയായിട്ടേ കമ്യൂണിസ്റ്റുകാർക്ക് കാണാൻ കഴിഞ്ഞുള്ളൂ. ഈ ലോകവിപ്ലവകാരിക്കും ചൂടേണ്ടിവന്നു കമ്യൂണിസ്റ്റ്വിരുദ്ധന്റെ മുൾക്കിരീടം.

ജർമനിയിലേക്കു കടന്ന് അവിടെ രണ്ടുകൊല്ലം ജീവിച്ച് ഫാഷിസത്തിന്റെ പോക്കും അത് ലോകത്ത് സൃഷ്ടിച്ചേക്കാവുന്ന വിപത്തും തിരിച്ചറിഞ്ഞ് റോയി ഇന്ത്യയിലേക്ക് തിരിച്ചുപോന്നത്. ഇതിനകം തന്നെ റോയി സ്റ്റാലിനിസത്തിന്റെ നോട്ടപ്പുള്ളിയായിക്കഴിഞ്ഞിരുന്നു. ഔദ്യോഗിക കമ്യൂണിസത്തിന്റെ അധികാരദാഹത്തോടുള്ള റോയിയുടെ എതിർപ്പാണ് അദ്ദേഹം കമ്യൂണിസ്റ്റ് ഇൻറർനാഷണലിൽ നിന്നു പുറത്താകാനുള്ള കാരണം. സ്റ്റാലിനിസത്തിലൂടെ കമ്യൂണിസം കൈവരിച്ചുകൊണ്ടിരുന്ന സ്വേച്ഛാധിപത്യത്തെയാണ് എം.എൻ.റോയി ധീരമായി വിമർശിച്ചത്. ഈ എം.എൻ.റോയിയെ ആണ് ഇന്ത്യയിലെ കമ്യൂണിസ്റ്റുകാർ താഴ്ത്തിക്കെട്ടി വഞ്ചകനായി മുദ്രയടിച്ചത്. ദേശീയവാദികൾക്കാകട്ടെ റോയി ദ്രഷ്ടനും വിദേശിയുമായിത്തീർന്നു. ഇന്ത്യയിൽ എം.എൻ.റോയിയുടെ വിധി ബുദ്ധന്റേതായി. റോയിയുടെ ഈ വിധിയെക്കുറിച്ച് എം.ഗോവിന്ദൻ ഇങ്ങനെ എഴുതി: "ലോകം ഇന്നോളം കണ്ടിട്ടുള്ളതിൽവെച്ച് ഏറ്റവും അത്യുത്തമമായ ധർമം നടപ്പിൽവരുത്താനെത്തിയ ബുദ്ധനെ കടൽ കടത്തിയതല്ലേ ഇന്ത്യയുടെ പാരമ്പര്യം? ആ പാരമ്പര്യം മറ്റൊരു രീതിയിൽ എം.എൻ.റോയിയെയും വിഴുങ്ങാനൊരുങ്ങി ▸

Scanned with CamScanner

► യെന്നേയുള്ളൂ... ബുദ്ധമതത്തെ നാടുകടത്തി സാമൂഹ്യാടിമത്തത്തിന്റെ വ്യവസ്ഥിതിയായ ഹൈന്ദവ കല്പനകൾ പുനഃസ്ഥാപിക്കുന്നതിൽ വിജയിച്ചപ്പോൾ എം.എൻ.റോയിയെ പരദേശിയായി കണ്ടതിൽ എന്തിനു വിസ്മയിക്കുന്നു! ഹിന്ദുമതത്തിൽ ഉൾക്കൊണ്ട സാമൂഹ്യാടിമത്തം പോകാതെ ദേശീയസ്വാതന്ത്ര്യത്തിന് യാതൊരു അർഥവുമില്ലെന്ന് തുടർന്നു പ്രഖ്യാപിച്ച അപൂർവം ചിലരിൽ ഒരാളാണ് എം.എൻ.റോയി..."

ദേശീയ സ്വാതന്ത്ര്യം ഇന്ത്യയിലെ ജനങ്ങൾക്ക് സാമൂഹ്യാടിമത്തത്തിൽനിന്നോ അടിസ്ഥാനവർഗത്തിന് ദാരിദ്ര്യത്തിൽ നിന്നോ മോചനം പ്രാപിക്കാൻ സഹായകരമായിരിക്കില്ല എന്ന് റോയി വിശ്വസിച്ചു. ഇത് രണ്ടും സാധിച്ചെടുക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്വീകരിക്കേണ്ട നയങ്ങൾ അദ്ദേഹം കോൺഗ്രസ്സിനു മുൻപിൽ അവതരിപ്പിച്ചു. കോൺഗ്രസ് എല്ലാ സാമ്പത്തിക വർഗങ്ങളുടെയും പലതരം രാഷ്ട്രീയ വിശ്വാസികളുടെയും മഹാസാ



എം. എൻ. റോയി

റോയിസ്റ്റുകൾ 'ലീഗ് ഓഫ് റാഡിക്കൽ കോൺഗ്രസ് മെൻ' എന്ന പേരിൽ ഒരു ഗ്രൂപ്പായിട്ടാണ് കോൺഗ്രസ്സിൽ പ്രവർത്തിച്ചത്. എന്നാൽ, ഗാന്ധിജിയുടെ മുൻപിൽ ഈ ഗ്രൂപ്പുകളുടെ രാഷ്ട്രീയ നിലപാടുകൾക്കൊന്നും പ്രസക്തിയും അംഗീകാരവുമുണ്ടായിരുന്നില്ല. ഫാഷിസ്റ്റു ശക്തികളെ തിരിച്ചറിയാനുള്ള മനസ്സ് ഗാന്ധിജി എന്തുകൊണ്ടോ മാറ്റിവെച്ചു. 'ഇവൻ എന്റെ വേര് കരണ്ടുതിന്നുകളയുമോ?" എന്ന സംശയത്തോടുകൂടിയാണ് ഗാന്ധിജി എം.എൻ.റോയിയെ കണ്ടത്.

ഗരം പോലെയായിരുന്നു. കോൺഗ്രസ്സിലെ പല പക്ഷങ്ങളും, കോൺഗ്രസ് സോഷ്യലിസ്റ്റുകളും, ഫോർവേഡ് ബ്ലോക്കുകാർ എന്നീ ഗ്രൂപ്പുകൾക്കു പുറമെ കമ്യൂണിസ്റ്റുകാരുമുണ്ടായിരുന്നു കോൺഗ്രസ്സിൽ. എം.എൻ.റോയിയുടെ രാഷ്ട്രീയാശയങ്ങളിൽ വിശ്വസിക്കുന്ന റോയിസ്റ്റുകളും 'ലീഗ് ഓഫ് റാഡിക്കൽ കോൺഗ്രസ് മെൻ' എന്ന പേരിൽ ഒരു ഗ്രൂപ്പായിട്ടാണ് കോൺഗ്രസ്സിൽ പ്രവർത്തിച്ചത്. എന്നാൽ, കോൺഗ്രസ് അർദ്ധദൈവമാക്കി മാറ്റിയ ഗാന്ധിജിയുടെ മുൻപിൽ ഈ ഗ്രൂപ്പുകളുടെ രാഷ്ട്രീയ നിലപാടുകൾക്കൊന്നും പ്രസക്തിയും അംഗീകാരവുമുണ്ടായിരുന്നില്ല. ലോകത്തെ വിപ്ലവപ്രസ്ഥാനങ്ങളെയും വിമോചനപ്രസ്ഥാനങ്ങളെയും മുഴുവൻ ഭസ്മീകരിക്കുകയെന്ന ലക്ഷ്യവുമായി മുന്നോട്ടു നിങ്ങുന്ന ഫാഷിസ്റ്റു ശക്തികളെ തിരിച്ചറിയാനുള്ള മനസ്സ് ഗാന്ധിജി എന്തുകൊണ്ടോ മാറ്റിവെച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യം തന്നിലൂടെ എന്ന് ഗാന്ധിജി ആഗ്രഹിച്ചുകാണണം. സത്യാഗ്രഹവും നിസ്സഹകരണവുമായിരുന്നു ഗാന്ധിജിയുടെ ആയുധങ്ങൾ. ഈ ആയുധങ്ങളെ സംശയിക്കുന്നവരെയെല്ലാം ഗാന്ധിജി അകറ്റിനിർത്തിയിരുന്നു. ബോംബെയിൽ റെയിൽവെ തൊഴിലാളികൾ പണിമുടക്കു സമരത്തിലേർപ്പെട്ടിരിക്കുന്നു. ഈ സമരത്തിന് എ.ഐ.സി.സി.യും ഗാന്ധിജിയും പിന്തുണ പ്രഖ്യാപിക്കണമെന്ന് റോയിയും റോയിസ്റ്റുകളും ആവശ്യപ്പെടുന്നു. ഈ ആവശ്യം നിരസിക്കപ്പെടുന്നു. പണിമുടക്കിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് എ.ഐ.സി.സി സാമ്പത്തികസഹായം നൽകണമെന്നായി റോയിയുടെ അടുത്ത ആവശ്യം. അതും നിരസിക്കപ്പെട്ടു. എ.ഐ.സി.സിക്കും ഗാന്ധിജിക്കും എം.എൻ.റോയിയെ ഒരുവിധത്തിലും ഇഷ്ടപ്പെടാൻ കഴിഞ്ഞില്ല. കോൺഗ്രസ്സിൽനിന്ന് റോയിയെ അകറ്റിനിർത്തുക തന്നെയായിരുന്നു ഗാന്ധിജി. "ഇവൻ എന്റെ വേര് കരണ്ടുതിന്നുകളയുമോ?" എന്ന സംശയത്തോടുകൂടിയാണ് ഗാന്ധിജി എം.എൻ.റോയിയെ കണ്ടത്. കാരണം, ഇന്ത്യയിലെ ദേശീയ നേതൃത്വത്തെ റോയി അതിശക്തമായി കാര്യകാരണസഹിതം ചോദ്യം ചെയ്തു. ഗാന്ധിയൻ പരിപാടിയിൽനിന്നു വ്യത്യസ്തമായ ഒരു പരിപാടി റോയി അവതരിപ്പിച്ചു. അന്ന് ഡോ. രാജേന്ദ്രപ്രസാദ് പറഞ്ഞു: "നമ്മുടെ മുൻപിൽ ഇപ്പോൾ രണ്ട് പരിപാടിയേ ഉള്ളൂ. ഒന്ന് മഹാത്മജിയുടേത്. അതാണ് കോൺഗ്രസ് അംഗീകരിച്ചിട്ടുള്ളത്. മറ്റൊന്ന് ശ്രീ എം.എൻ.റോയി അവതരിപ്പിച്ചത്. ഗാന്ധിയൻ പരിപാടിയുടെ വ്യക്തമായ ഒരു ഗത്യന്തരമാണിത്." പക്ഷേ, റോയിയുടെ പരിപാടിക്ക് കോൺഗ്രസ്സിൽ അംഗീകാരമുണ്ടായില്ല. ഗാന്ധിയൻ ദേശീയവാദികൾ റോയിയുടെ ശത്രുക്കളായിത്തീർന്നു. ഇന്ത്യയെ പിന്നോട്ടു പിടിച്ചുകൊണ്ടുപോകുന്ന ബ്രാഹ്മണിസത്തിനെതിരെ ദേശീയ സ്വാതന്ത്ര്യസമരത്തോടൊപ്പം തന്നെ കോൺഗ്രസ് നിങ്ങണമെന്ന റോയിയുടെ ആശയവും കോൺഗ്രസ്സിനുംക്കൊള്ളാനായില്ല. ഫാഷിസത്തിനെതിരെ ബ്രിട്ടനടക്കമുള്ള സഖ്യകക്ഷികൾ നടത്തുന്ന ലോകമഹായുദ്ധത്തെ ഇന്ത്യയും ദേശീയ സമരപ്രസ്ഥാനവും പിന്താങ്ങണമെന്ന് റോയി ആവശ്യപ്പെട്ടു. ഈ യുദ്ധം ജനാധിപത്യവും ഫാഷിസവും തമ്മിലുള്ള യുദ്ധമാണെന്ന് റോയി ഉറപ്പിച്ചു പറഞ്ഞു. ഫാഷിസം പരാജയപ്പെടുമ്പോൾ സഖ്യകക്ഷികൾ തളരും. അപ്പോൾ ഇന്ത്യയുടെ ദേശീയസ്വാതന്ത്ര്യം എളുപ്പമായിത്തീരും. ഗാന്ധിജിയും കോൺഗ്രസ്സും റോയിയുടെ ഈ ആശയങ്ങളെയും പരിഹസിച്ചുതള്ളുകയാണുണ്ടായത്. അന്താരാഷ്ട്ര രംഗത്തെ റോയിയുടെ അറിവുകളും അനുഭവങ്ങളും കോൺഗ്രസ്സിനാവശ്യമില്ലാതായി. കോൺഗ്രസ്സിൽ തുടരുന്നതിൽ അർഥമില്ലെന്നു തോന്നിയ 'ലീഗ് ഓഫ് റാഡിക്കൽ കോൺഗ്രസ് മെൻ' അപ്പാടെ കോൺഗ്രസ്സിൽനിന്ന് രാജിവെച്ചു. അങ്ങനെ 1940 ഡിസംബറിൽ റാഡിക്കൽ ഡെമോക്രാറ്റിക് പാർട്ടിക്ക് രൂപംനൽകുന്നു. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി ആശയക്കുഴപ്പത്തിൽത്തന്നെ നിങ്ങുന്നു. കമ്യൂണിസ്റ്റു ഗ്രൂപ്പാകട്ടെ, കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിൽനിന്ന് വലിച്ചുകൊണ്ടുപോകാനുള്ള ശ്രമത്തിലുമായിരുന്നു.. കോൺഗ്രസ് ഗാന്ധിജിയുടെ നിസ്സഹകരണപ്രസ്ഥാനത്തിൽ സകല വിശ്വാസവുമർപ്പിച്ചു നിങ്ങുകയും ചെയ്തു. രാഷ്ട്രീയമായി ലോകമുഖമുള്ള ഒരു ചെറിയ പാർട്ടിയായി റാഡിക്കൽ ഡെമോക്രാറ്റിക് പാർട്ടിയും പ്രവർത്തിച്ചുനിങ്ങി. 1945-ൽ ലോകമഹായുദ്ധം അവസാനിക്കുന്നു. 1947 ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യം. അന്നേദിവസം എം.എൻ.റോയിയുടെ 'ന്യൂ ഹ്യൂമനിസം' എന്ന പുസ്തകം പുറത്തുവരുന്നു. 1948-ൽ പാർട്ടി പിരിച്ചുവിട്ട്, 1954 ജനവരി 25-ാം തിയതി 67-ാം വയസ്സിൽ മരണമടയുന്നതുവരെ എം.എൻ.റോയി എന്തൊക്കെ ചെയ്തു എന്ന കാര്യം തൽക്കാലം അവിടെ ഇരിക്കട്ടെ.

എം.എൻ.റോയിയുടെയും എം.ഗോവിന്ദന്റെയും ജീവിതത്തിൽ ചില സമാനതകളുണ്ട്. വളരെ ചെറുപ്പത്തിൽത്തന്നെ ഇരുവരും 'നാട് കടന്നു' - ഗോവിന്ദൻ ഭാരതപ്പുഴയുടെ തീരത്തുനിന്ന് മദിരാശിയിലേക്കും എം.എൻ.റോയി ബംഗാളിൽനിന്ന് ലോകത്തേക്കും. പഠിപ്പിൽ മിടുക്കനായിരുന്ന ഗോവിന്ദൻ ഒൻപതാം ക്ലാസ്സിൽ പഠനം നിർത്തി ഒന്നൊന്നര ക്കൊല്ലം വായിച്ചും കവിതയെഴുതിയും നാട്ടിലൂടെ നടന്ന്, 1935 അവസാനമാവാം മദിരാശിയിലേക്കു വണ്ടികയറിയത്. റോയിയുടെയും ഗോവിന്ദന്റെയും ആദ്യത്തെ ചിന്താവിഷയം മാർക്സിസമായിരുന്നു. യുവാവായിരുന്ന കാലത്ത് ഗോവിന്ദൻ ഏറ്റവുമധികം സമയം ചെലവഴിച്ചിരുന്നത് മാർക്സിസ്റ്റ് പുസ്തകങ്ങളുടെ മുൻപിലായിരുന്നു. മാർക്സിസം ഗോവിന്ദന് വർഷങ്ങൾക്കുശേഷം നൽകിയത് മാർക്സിന്റെ ജീവിതത്തിന്റെ മഹത്ത്വമായിരുന്നു. പ്രോമിത്യൂസിൽനിന്ന് മാർക്സിലേക്കുള്ള ദൂരമോ ദൂരമില്ലായ്മയോ അളക്കുകയായിരുന്നു പിന്നീട് ഗോവിന്ദൻ. മാർക്സിസത്തിൽ ചെറുപ്പക്കാരനായിരുന്ന കാലത്തേ ആഴമാർന്ന അറിവാണ് ഗോവിന്ദൻ സമ്പാദിച്ചത്. ഇതിന് പ്രധാനമായും അദ്ദേഹത്തെ സഹായിച്ചത് മദിരാശി നഗരത്തിലെ ലൈബ്രറികളായിരുന്നു. ഗോവിന്ദന്റെ ബ്രിട്ടീഷ് മ്യൂസിയമായിരുന്നു മദിരാശിയിലെ കണ്ണിമേറ ലൈബ്രറി. ഹിന്ദുമതത്തിൽനിന്നും അതിന്റെ ജാതിനിചതയിൽനിന്നും ഫാഷിസ്റ്റ് ഭരണസമ്പ്രദായത്തിൽനിന്നും മോചനം പ്രാപിച്ചാലേ സ്വാതന്ത്ര്യത്തിന് ഇന്ത്യ

Scanned with CamScanner

യിൽ അർഥമുണ്ടാവുകയുള്ളൂവെന്ന് റോയിയെപ്പോലെ ഗോവിന്ദനും വിശ്വസിച്ചു. ഒരുപക്ഷേ, റോയിയെക്കാൾ കൂടുതൽ. കാരണം, യൂറോപ്പിൽ ഒരുപാടുകാലം ജീവിച്ച റോയിയുടെ മുൻപിൽ ഹിന്ദുമതവും അതിലെ ജാതിനിചതയും ഉണ്ടായിരുന്നില്ലല്ലോ. ഹിന്ദുമതം ഇന്ത്യയുടെ ഹൃദയത്തിലേല്പിച്ച ശാപത്തെ ശപിച്ചുകൊണ്ടാണ് ഗോവിന്ദൻ രാഷ്ട്രീയത്തിലിറങ്ങുന്നത്. ഗോവിന്ദന്റെ എഴുത്തും സാംസ്കാരിക പ്രവർത്തനവും രാഷ്ട്രീയവും ഈ ശാപത്തോട് അഗാധമായി ബന്ധപ്പെട്ടുകിടക്കുന്നു. ഈ ശാപത്തിൽനിന്നുള്ള ഇന്ത്യയുടെ മോചനത്തെക്കുറിച്ചാണ് ഗോവിന്ദൻ ജീവിതകാലം മുഴുവൻ ആലോചിച്ചിരിക്കുക.

കമ്യൂണിസത്തിൽനിന്ന് മോഹവിമോചനം സാധിച്ച ഗോവിന്ദൻ റോയിയുടെ റാഡിക്കൽ ഹ്യൂമനിസ്റ്റ് പ്രസ്ഥാനത്തിലേക്കു വന്നത് കമ്യൂണിസത്തെ തള്ളിപ്പറയാനായിരുന്നില്ല. അതേക്കുറിച്ച് ഗോവിന്ദൻ പറയുന്നു: "കമ്യൂണിസത്തെയല്ല ഞാൻ എതിർത്തത്. ആ പേരിൽ പ്രചരിച്ച സ്റ്റാലിനിസ്റ്റ് വക്രതകളെയാണ്. അതിന്റെ ചൊല്പാംക്കാരായിരുന്ന ഇന്ത്യൻ കമ്യൂണിസ്റ്റുകളെയും; സ്വതന്ത്രമായി ചിന്തിക്കുക അവർക്കാർക്കും ഒരു ശീലമായിരുന്നില്ല. അത് ചെയ്യുന്നത് ഒരു ശല്യമാണെന്നും അവർ കരുതി. കാരണം, ഒരു പാർട്ടിയിൽ ഒരുപാട് അഭിപ്രായ സംഘട്ടനമുണ്ടാവുമ്പോൾ അച്ചടക്കം അയഞ്ഞുപോകും. എനിക്കാണെങ്കിൽ അത്തരം ബാധ്യതയൊട്ടില്ലതാനും." എം.എൻ.റോയിയുടെ റാഡിക്കൽ പ്രസ്ഥാനത്തിലേക്കു വന്നതിനെക്കുറിച്ച് ഗോവിന്ദൻ പറയുന്നു: "ഞാൻ റാഡിക്കൽ മൂവ്മെന്റിൽ ആദ്യം വന്നയാളാണ് – 1938ൽ. എങ്ങനെ പറ്റിയെന്ന് എനിക്കറിയില്ല. എന്റെ ജീവിതത്തിലെ ഏറ്റവും വലിയ സ്വാധീനമായിരുന്നു അത്. ഈ മൂവ്മെൻറാകട്ടെ ഒരു ആദർശാധിഷ്ഠിതചിന്ത (idealist concept) രൂപപ്പെടുത്താൻ കാരണമായി. റോയിയുമായുള്ള ബന്ധത്തെപ്പറ്റി ഒട്ടേറെ കഥകളുണ്ട്. ഞങ്ങൾ പരസ്പരം കത്തെഴുതും... 1937-ൽ എം.എൻ.റോയി മദ്രാസിൽ വന്നു. റാഡിക്കൽ യൂത്ത് ലീഗിന്റെ യോഗത്തിലെ പ്രസംഗം കേട്ടു. ഇന്ത്യയുടെ ബോധമണ്ഡലത്തിലെ ഭാരതത്തെപ്പറ്റിയായിരുന്നു റോയി പ്രസംഗിച്ചത്. മനുസ്മൃതി, ഹിന്ദു വിശ്വാസങ്ങൾ എന്നിവക്കെതിരെയുള്ള ആക്രമണമായിരുന്നു അത്. അന്ന് ദൂരെനിന്ന് അദ്ദേഹത്തെ കണ്ടു. എന്നെ ഏറെ സ്വാധീനിച്ച സംഭവമായിരുന്നു അത്."

ഗോവിന്ദന്റെ രാഷ്ട്രീയമനസ്സിൽ റോയി ഏറ്റവും വലിയ സ്വാധീനമായിമാറുന്നു. കമ്യൂണിസത്തെ തള്ളിപ്പറയാതെ, കമ്യൂണിസത്തിനും റോയിക്കുമിടയിൽ ഗോവിന്ദൻ – കമ്യൂണിസ്റ്റുകാരാണ് കമ്യൂണിസമെന്ന തെറ്റിദ്ധാരണയില്ലാതെ.

ബാരിസ്റ്റർ എ.കെ.പിള്ളയായിരുന്നു മദിരാശിയിൽ റോയിയുടെ ഏറ്റവുമടുത്ത അനുയായി. ജസ്റ്റിസ് പാർട്ടിയോടും ദ്രാവിഡ പ്രസ്ഥാനത്തോടുമൊക്കെ എ.കെ.പിള്ളയ്ക്ക് അടുത്ത ബന്ധമുണ്ടായിരുന്നുവെന്നു മാത്രമല്ല, അവരുടെ സമരങ്ങളെ നന്നായി പിന്തുണയ്ക്കുകയും ചെയ്തു. റോയിസ്റ്റാശയങ്ങളോടു തോന്നിയ മമതയാണ് ഗോവിന്ദനെ എ.കെ.പിള്ളയുമായി അടുപ്പിക്കുന്നത്. എ.കെ.പിള്ളയുമായുള്ള ബന്ധം ഗോവിന്ദനെ റാഡിക്കൽ പ്രസ്ഥാനത്തിലേക്കു നയിക്കുന്നു. ഇക്കാലത്തുതന്നെ തിരുവിതാംകൂറിൽ രൂപംകൊണ്ട കമ്യൂണിസ്റ്റ് ലീഗുമായി ഗോവിന്ദൻ ബന്ധപ്പെടുന്നു. എൻ.ശ്രീകണ്ഠൻനായരും ആർ.സുഗതനും പൊന്നറ ശ്രീധരുമൊക്കെയായിരുന്നു കമ്യൂണിസ്റ്റ് ലീഗിന്റെ നേതാക്കൾ. കമ്യൂണിസ്റ്റ് ലീഗ് സർ സി.പി.ക്കെതിരെ ശക്തമായ സമരത്തിലേർപ്പെട്ടിരിക്കുകയായിരുന്നു. പി.കൃഷ്ണപിള്ളയുടെയും ആർ.സുഗതന്റെയും നേതൃത്വത്തിൽ ആലപ്പുഴ കയർ ഫാക്ടറി യൂണിയന്റെ 'തൊഴിലാളി' എന്ന വാരിക ഇറങ്ങുന്നുണ്ടായിരുന്നു. ആ വാരികയിൽ ഗോവിന്ദൻ ലേഖനമെഴുതുന്നു. സർ സി.പി.യുടെ പോലീസ് മർദ്ദനത്തിനെതിരെയുള്ള ഗോവിന്ദന്റെ ഒരു ലേഖനം കാരണം ആ വാരിക സർക്കാർ നിരോധിക്കുന്നു. പിന്നിട്, ലേഖനങ്ങളെഴുതുന്നത് പന്തളത്തുനിന്നിറങ്ങിയ രാജ്യാഭിമാനിയിലായിരുന്നു. രാജ്യാഭിമാനി ഗോവിന്ദന് നൽകിയ പ്രാധാന്യം കോൺഗ്രസ്സുകാർക്ക് തീരെ ഇഷ്ടപ്പെട്ടില്ല. ഗാന്ധിജി രാജ്ഘട്ടിൽ നിരാഹാരമിരുന്നത് തെറ്റാണെന്ന ഗോവിന്ദന്റെ ലേഖനം കോൺഗ്രസ്സുകാരെ പ്രകോപിപ്പിച്ചു. ഇടതുപക്ഷ ഐക്യം പുറപ്പെടുവിച്ച തൊഴിലാളിവർഗത്തിന്റെ ധീരസ്വരമായിരുന്നു രാജ്യാഭിമാനി. ഇ.എം.എസ്, കെ.ദാമോദരൻ, പി.കൃഷ്ണപിള്ള, പി.ടി.പുന്നൂസ് എന്നിവരായിരുന്നു അതിലെ എഴുത്തുകാർ. രാജ്യാഭിമാനി കുഴപ്പത്തിലായ സന്ദർഭത്തിൽ പത്രാധിപത്യം എം.എൻ.ഗോവിന്ദൻനായർ ഏറ്റെടുത്തു. തൊഴിലാളി, നവജീവൻ, രാജ്യാഭിമാനി, സചിവൻ, കൗമുദി എന്നിവയിലെഴുതിയ ലേഖനങ്ങൾ തിരുവിതാംകൂറിൽ ഗോവിന്ദനെ പ്രശസ്തനാക്കി.

'ലിഗ് ഓഫ് റാഡിക്കൽ കോൺഗ്രസ്മെൻ' എന്ന റോയിസ്റ്റ് ഗ്രൂപ്പിൽ ചേർന്നാണ് ഗോവിന്ദൻ പ്രവർത്തനമാരംഭിച്ചത്. ഇന്ത്യയുടെ ആത്മാവിൽ ബ്രാഹ്മണമേധാവിത്തം ഊട്ടിയുറപ്പിച്ച മനുഷ്യത്വരാഹിത്യത്തിനെതിരെ പൊരുതുന്ന ദ്രാവിഡ പ്രസ്ഥാനത്തിന്റെ സമരങ്ങളുമായി ഗോവിന്ദൻ സഹകരിച്ചു. മദിരാശിയിലെ മലയാളികളുമായി അന്ന് ദ്രാവിഡപ്രസ്ഥാനം വലിയ അടുപ്പത്തിലായിരുന്നു.

അയിത്തചിന്തയുടെ ഹൈന്ദവ നരകമായിരുന്നു പഴയ മദിരാശി സംസ്ഥാനം. ഇംഗ്ലീഷ് പഠിച്ച്, ബ്രിട്ടീഷുകാരുടെ ആവശ്യങ്ങൾ നിർവഹിച്ചുകൊടുത്ത് മറ്റു ജനവിഭാഗങ്ങളെ അടിമകളാക്കി നിലനിർത്തുകയായിരുന്നു അന്നത്തെ ബ്രാഹ്മണർ. അയിത്തത്തിനെതിരെ നിങ്ങാനുള്ള യാതൊരുവിധ നയവും കോൺഗ്രസ്സിനുണ്ടായിരുന്നില്ല. കോൺഗ്രസ്സിന്റെ നേതൃത്വവും ബ്രാഹ്മണർ കയ്യടക്കിവെച്ചു. പെരിയോർ ഇ.വി.ർമാസ്വാമി നായ്ക്കർ കോൺഗ്രസ്സിൽനിന്ന് പുറത്തുവന്ന് ദ്രാവിഡ കഴകമുണ്ടാക്കിയത് ഇതിനെതിരെ പൊരുതാനാണ്. ബ്രാഹ്മണരുടെ ക്ഷേത്രങ്ങളിൽ ബ്രാഹ്മണർക്കേ പ്രവേശനമുണ്ടായിരുന്നുള്ളൂ. ഈ ക്ഷേത്രങ്ങളിലെ ബിംബങ്ങളെയാണ് പെരിയോർ പുറത്തെടുത്തുകൊണ്ടുവന്ന് ചവിട്ടിയത്. ദ്രാവിഡവികാരം കൊണ്ട് പെരിയോർ തമിഴ്നാ ▶

ദേശീയ സ്വാതന്ത്ര്യസമരത്തെക്കുറിച്ച് കോൺഗ്രസിനു പുറത്തുനിന്നേ ഗോവിന്ദൻ ആലോചിച്ചിട്ടുള്ളൂ. തമിഴ്നാട്ടിൽ പെരിയാറിന്റെ നേതൃത്വത്തിലുണ്ടായ ദ്രാവിഡ ദേശീയതയുടെ ലക്ഷ്യമായ അബ്രാഹ്മണ വിജയത്തിലായിരുന്നു ഗോവിന്ദന്റെ നോട്ടം. ഇത് ഒരു 'മനുഷ്യോദയ'മായിട്ടാണ് അദ്ദേഹം കണ്ടത്. ഈ ദേശീയതയുടെ മനുഷ്യാർഥം റോയിയുമായി ഏറ്റവുമധികം കൈമാറിയത് ഗോവിന്ദനായിരുന്നു.

Scanned with CamScanner

ടിന്റെ രാഷ്ട്രീയാന്തരീക്ഷത്തിൽ ഇടിമുഴക്കങ്ങളുണ്ടാക്കുന്ന കാലം. അക്കാലത്ത് എം. എൻ.റോയിയുടെ പത്രാധിപത്യത്തിൽ ഇറങ്ങിക്കൊണ്ടിരുന്ന 'ഇൻഡിപെൻഡന്റ്' ഇന്ത്യയിൽ Revolt Against Brahmanism is Revolt Against Imperialism എന്ന തലക്കെട്ടിൽ ഗോവിന്ദന്റെ ഒരു ലേഖനം പുറത്തുവരുന്നു. ഈ ലേഖനം മദിരാശിയിൽനിന്നിറങ്ങുന്ന 'സൺഡേ ഒബ്സർവർ' വളരെ പ്രാധാന്യത്തോടുകൂടി എട്ടു കോളത്തിൽ പുനഃപ്രസിദ്ധീകരിക്കുന്നു. ജസ്റ്റിസ് പാർട്ടിയുടെ നേതാവ് ടി.എം. നായരുടെ ചിത്രവും ചേർത്ത് ഒന്നാം പേജിൽ പ്രസിദ്ധീകരിച്ച ഈ ലേഖനം ദ്രാവിഡ പ്രസ്ഥാനത്തിലെ വിദ്യാർഥിനേതാക്കളുടെയും ബുദ്ധിജീവികളുടെയുമിടയിൽ ചർച്ചാവിഷയമാകുന്നു. തമിഴ്നാട്ടിലെ അബ്രാഹ്മണ നേതൃത്വത്തിനിടയിൽ ഗോവിന്ദൻ അറിയപ്പെടുന്നു. അണ്ണാദുരൈയുമായി നേരത്തേതന്നെ ബന്ധപ്പെട്ട് ആശയസമ്പർക്കത്തിലായിരുന്നു. പെരിയോറിന്റെ ആളുകളുമായി കൂടിച്ചേർന്ന് ചേരിനിവാസികളെ സംഘടിപ്പിക്കുന്നു. ദ്രാവിഡ



വര: കെ.വി.എസ്. പണിക്കർ

എം. ഗോവിന്ദൻ

റോയിയുടെയും ഗോവിന്ദന്റെയും ആദ്യത്തെ ചിന്താവിഷയം മാർക്സിസമായിരുന്നു. യുവാവായിരുന്ന കാലത്ത് ഗോവിന്ദൻ ഏറ്റവുമധികം സമയം ചെലവഴിച്ചിരുന്നത് മാർക്സിസ്റ്റ് പുസ്തകങ്ങളുടെ മുൻപിലായിരുന്നു. ഹിന്ദുമതത്തിൽനിന്നും അതിന്റെ ജാതിനീചതയിൽനിന്നും ഫാഷിസ്റ്റ് ഭരണസമ്പ്രദായത്തിൽനിന്നും മോചനം പ്രാപിച്ചാലേ സ്വാതന്ത്ര്യത്തിന് ഇന്ത്യയിൽ അർഥമുണ്ടാവുകയുള്ളൂവെന്ന് റോയിയെപ്പോലെ ഗോവിന്ദനും വിശ്വസിച്ചു.

രാഷ്ട്രീയപ്രസ്ഥാനത്തിനു വേണ്ടി ഒരുങ്ങിവന്നുകൊണ്ടിരുന്ന അണ്ണാദുരൈയും അന്നത്തെ യുവാക്കളായ നേതാക്കളും ഗോവിന്ദനെ തങ്ങളിൽ ഒരാളായിട്ടാണ് കണ്ടുകൊണ്ടിരുന്നത്. അണ്ണാദുരൈയ്ക്കും അണ്ണാദുരൈയുടെ ആളുകൾക്കും റോയിസ്റ്റാശയങ്ങളുമായി വലിയ അടുപ്പമായിരുന്നു. സി.എൻ.അണ്ണാദുരൈ എന്ന ചെറുപ്പക്കാരനിൽ തമിഴ്നാട് രാഷ്ട്രീയത്തിന്റെ ഭാവി ലക്നോവിലിരുന്ന് റോയി കാണുകയായിരുന്നു. അണ്ണാദുരൈയിലേക്കുള്ള റോയിയുടെ നോട്ടത്തെക്കുറിച്ച് ഗോവിന്ദൻ പറയുന്നു: ''തമിഴ്നാട് രാഷ്ട്രീയത്തിൽ അണ്ണാദുരൈ ശ്രദ്ധേയമായ ഭാഗം വഹിക്കുമെന്ന് റോയി അന്ന് പ്രവചിച്ചു. അദ്ദേഹത്തെ കാണണമെന്ന് റോയി എന്നോടാവശ്യപ്പെട്ടു. ഡെറാഡൂണിലുള്ള തന്റെ വസതിയിൽ അണ്ണാദുരൈ പത്തുദിവസം താമസിച്ചിരുന്നു. ആളുകളെ മനസ്സിലാക്കാനുള്ള റോയിയുടെ കഴിവ് എന്നെ വല്ലാതെ ആകർഷിച്ചു. ഞാൻ മടങ്ങിവന്നു. അബ്രാഹ്മണരുടെ ഇടയ്ക്ക് എനിക്ക് സാമാന്യം നല്ല പ്രശസ്തിയുണ്ടായിരുന്നു. അണ്ണാദുരൈ അപ്പോൾ കാഞ്ചീപുരത്ത് 'ദ്രാവിഡനാട്' എന്ന പത്രം നടത്തുകയാണ്. അത് നല്ല സ്ഥിതിയിലൊന്നുമായിരുന്നില്ല. അദ്ദേഹത്തിന്റെ അതിഥിയായി ഏഴു ദിവസം ഞാൻ അവിടെ താമസിച്ചു. റോയിയുടെ ഒട്ടേറെ പുസ്തകങ്ങൾ അണ്ണാദുരൈ തമിഴിൽ വിവർത്തനം ചെയ്യുകയുണ്ടായി. പെരിയോർ ഇ.വി.രാമസ്വാമി നായ്ക്കരുമായി തനിക്ക് അഭിപ്രായ വ്യത്യാസമുണ്ടെന്ന് അദ്ദേഹം സൂചിപ്പിച്ചു. ഇപ്പോൾ ദ്രാവിഡ കഴകത്തിൽനിന്നു മാറിയാൽ താൻ മാത്രമേ ഉണ്ടാവൂ എന്നദ്ദേഹം പറഞ്ഞു. പല സ്ഥലത്തും തന്നെ അനുകൂലിക്കുന്ന വിദ്യാർഥികളുണ്ട്. അണ്ണാമലയിൽ നെടുംചേഴിയൻ, അമ്പഴകൻ, മതിയഴകൻ, കുംഭകോണം കോളേജിൽ ഒട്ടേറെ വിദ്യാർഥികൾ, പച്ചയപ്പാസിൽ ഇ.വി.കെ.സമ്പത്ത് ഇങ്ങനെ നല്ലൊരു സംഖ്യയുണ്ട് വിദ്യാർഥി നേതാക്കൾ. പഠിത്തം കഴിഞ്ഞാൽ നമുക്ക് നല്ലൊരു 'കേഡർ' രൂപപ്പെടുത്താം.

സ്വാതന്ത്ര്യം നേടുകയാണെങ്കിൽ ഇന്ത്യ സ്വീകരിക്കേണ്ട വ്യത്യസ്ത നയങ്ങളെപ്പറ്റി ചർച്ച ചെയ്യാൻ ഹാരീസ് റോഡിലുള്ള ഈ മുറിയിൽ (ഗോവിന്ദന്റെ വീട്) ഒരു യോഗം വിളിച്ചുകൂട്ടി. അണ്ണാദുരൈയ്ക്ക് കത്തിട്ടെങ്കിലും മറുപടി കിട്ടിയില്ല. പക്ഷേ, യോഗസ്ഥലത്ത് അദ്ദേഹം ഇത്തിരി നേരത്തേതന്നെ അനുയായികളുമായി എത്തി നല്ല പ്രസംഗം നടത്തി. യോഗം തീരുന്നതുവരെ, പതിവിനു വിരുദ്ധമായി അദ്ദേഹം അവിടെ ഇരുന്നു...''

എം.എൻ.റോയി, എം.ഗോവിന്ദൻ, സി.എൻ.അണ്ണാദുരൈ എന്നീ മൂന്നു വ്യക്തികളിലൂടെ ഈ കുറിപ്പ് ചെറുതായൊന്നു കടന്നുപോയിയെന്നു മാത്രം. ഇവർ മൂവരുടെയും താത്ത്വികപ്രശ്നങ്ങളും ഇവരെപ്പോലുള്ള എത്രയോ മൂവായിരങ്ങളുടെയും രാഷ്ട്രീയസമസ്യകളും ഇന്ത്യയുടെ മനസ്സിൽ പെട്ടില്ല. അങ്ങനെ പെടാതായിപ്പോയതിന്റെ കാരണങ്ങൾ ചർക്കയും ഉണ്ണാവ്രതവും നെഞ്ചിലെ റോസാപ്പൂവും ആണെന്ന് നാമറിയണം. എം.എൻ.റോയിയുടെ ഇന്നത്തെ ലോകവും അണ്ണാദുരൈയുടെ ഇന്നത്തെ തമിഴ്നാടും എം.ഗോവിന്ദന്റെ ഇന്നത്തെ കേരളവും നമ്മളെ ചിലതൊക്കെ ബോധ്യപ്പെടുത്തുന്നുണ്ട്. ഇവർ 'ശൈവന്മാർ'. ഒ.വി.വിജയൻ പറഞ്ഞതുപോലെ ഡയലക്ടിക്കൽ പൂർത്തീകരണം ഇവർ ഉടുക്കുകൊട്ടിത്തീർത്തു. അധികാരം ജനങ്ങൾക്ക് എന്ന കമ്യൂണിസ്റ്റ് (മാർക്സിനേറെതാവാം) സ്വപ്നം സാക്ഷാത്കരിക്കപ്പെടാതെപോയി എന്ന് ആവർത്തിച്ചു പറഞ്ഞ് ഒ.വി.വിജയൻ ചിരിക്കുകയോ കരയുകയോ കാർട്ടൂൺ വരയ്ക്കുകയോ ചെയ്തിരിക്കാം. ഇവിടെ എവിടെയോ ആണ് സത്യം. ഈ ബ്രാക്കറ്റിൽനിന്ന് വീണ്ടും ഗോവിന്ദനിലേക്കു വരാം.

ദേശീയ സ്വാതന്ത്ര്യസമരത്തെക്കുറിച്ച് കോൺഗ്രസിനു പുറത്തുനിന്നേ ഗോവിന്ദൻ ആലോചിച്ചിട്ടുള്ളൂ. സ്വാതന്ത്ര്യസമരത്തിലെ ഗാന്ധിയൻ പരിപാടികളിൽ നിന്നുള്ള എതിർപ്പിൽ നിന്നാണ് ഗോവിന്ദൻ കോൺഗ്രസിലെ 'ലീഗ് ഓഫ് റാഡിക്കൽ കോൺഗ്രസ്മെൻ' എന്ന ഗ്രൂപ്പുമായി സഹകരിക്കുന്നത് - കോൺഗ്രസിലെ ഈ ഗ്രൂപ്പിന് നിരാഹാര സമരവും സത്യാഗ്രഹവും അർഥവത്തായി തോന്നിയതേയില്ല. തമിഴ്നാട്ടിൽ പെരിയോറിന്റെ നേതൃത്വത്തിലുണ്ടായ ദ്രാവിഡ ദേശീയതയുടെ ലക്ഷ്യമായ അബ്രാഹ്മണ വിജയത്തിലായിരുന്നു ഗോവിന്ദന്റെ നോട്ടം. ഇത് ഒരു 'മനുഷ്യോദയ'മായിട്ടാണ് അദ്ദേഹം കണ്ടത്. ഈ ദേശീയതയുടെ മനുഷ്യാർഥം റോയിയുമായി ഏറ്റവുമധികം കൈമാറിയത് ഗോവിന്ദനായിരുന്നു. ഞങ്ങൾ തമ്മിൽ കത്തിടപാടുകൾ ഉണ്ടായിരുന്നുവെന്നു പറഞ്ഞ് ഈ ആശയവിനിമയത്തിന്റെ വിശദാംശങ്ങൾക്ക് ഗോവിന്ദൻ വിരാമമിടുന്നു. പക്ഷേ, ഈ കത്തുകൾ ദക്ഷിണേന്ത്യയിൽ കോൺഗ്രസിന് അടിസ്ഥാന ജനവിഭാഗത്തിന്റെ പ്രശ്നങ്ങൾ എങ്ങനെയെല്ലാം അന്യമാകുന്നുവെന്നറിയിക്കുന്നതും പറഞ്ഞുകൊടുക്കുന്നതുമായിരുന്നു. ഗാന്ധിജിയടക്കമുള്ള നേതാക്കളിലൂടെ കോൺഗ്രസിൽ ജനാധിപത്യം പുലരുകയില്ല എന്ന മനസ്സിലാക്കലാണ് ഗോവിന്ദനെയും റോയിയെയും കൂടുതൽ അടുപ്പിച്ചത്. സുഭാഷ്ചന്ദ്രബോസിനെ പട്ടാളക്കുപ്പായം ധരിപ്പിച്ചു നാടുകടത്തിയ കോൺഗ്രസിനെയും ഗാന്ധിജിയെയും മനസ്സിലാക്കാൻ അന്ന് വലിയ പ്രയാസമൊന്നുമുണ്ടായിരുന്നില്ല. സ്വതന്ത്ര ഇന്ത്യയിൽ പുലരേണ്ട ജനായത്ത ഭരണത്തെക്കുറിച്ച് ഗാന്ധിജിക്ക് ആലോചിക്കേണ്ടിയേ വന്നിട്ടില്ല. ഇതാലോചിച്ചുപോയതാണ് എം.എൻ.റോയി ഇന്ത്യൻ രാഷ്ട്രീയത്തിൽ ചെയ്ത ഏറ്റവും വലിയ പാതകം. ജനാധിപത്യം ഭാരതത്തിൽ എന്നുമൊരു ഇറക്കുമതിച്ചരക്കായിരിക്കുമെന്ന് ഗോവിന്ദൻ. ഇപ്പോൾ കോൺഗ്രസ് പ്രസിഡന്റുതന്നെ ഒരു ഇറക്കുമതിച്ചരക്കാണ്. സുഭാഷ്ചന്ദ്രബോസിന് ഗാന്ധിജിയും നെഹ്റുവും രാജാജിയും നൽകാതിരുന്ന കോൺഗ്രസ് പ്രസിഡന്റുപദവിയാണ് ഗാന്ധി എന്ന വാൽപ്പേരോടുകൂടി സോണിയ ഇപ്പോൾ കയ്യടക്കിവെച്ചിരിക്കുന്നത്.

1939-ൽ കോൺഗ്രസ് നിസ്സഹകരണപ്രസ്ഥാനത്തിനൊരുങ്ങുന്നു. യുദ്ധത്തിൽ കോൺഗ്രസ് ബ്രിട്ടനെയും സഖ്യകക്ഷികളെയും സഹായിക്കുകയാണു വേണ്ടതെന്ന് റോ

Scanned with CamScanner

യിസ്റ്റുകളും കോൺഗ്രസിൽ വാദിക്കുന്നു. ദേശീയവാദികളും റോയിയെ വിദേശിയായി മുദ്രകുത്തുന്നു. നിസ്സഹകരണ തിരുമാനം 1940-ലെ രാംഗഢ് കോൺഗ്രസ് അംഗീകരിക്കുന്നു. യുദ്ധത്തോടുള്ള കോൺഗ്രസിന്റെ സമീപനത്തെ മുൻനിർത്തി റോയിസ്റ്റുകളും കോൺഗ്രസിൽനിന്നു രാജിവെക്കുന്നു. 1940 അവസാനം റോയിയുടെ നേതൃത്വത്തിൽ റാഡിക്കൽ ഡെമോക്രാറ്റിക് പാർട്ടി രൂപീകരിക്കുന്നു. റാഡിക്കൽ പാർട്ടി ട്രേഡ് യൂണിയൻ രംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പിക്കാൻ തിരുമാനിക്കുന്നു. ഇന്ത്യൻ ഫെഡറേഷൻ ഓഫ് ലേബർ തൊഴിലാളി സംഘടനയുണ്ടാക്കുന്നു. മദിരാശിയിലെ തൊഴിലാളിസംഘടനയുടെ സെക്രട്ടറി ഗോവിന്ദനായിരുന്നു. അതിനു മുൻപുതന്നെ അദ്ദേഹം തൊഴിലാളിപ്രവർത്തനം തുടങ്ങിയിരുന്നു. റാഡിക്കൽ ഡെമോക്രാറ്റിക് പാർട്ടിയുടെയും അതിന്റെ തൊഴിലാളി സംഘടനയുടെയും ഓഫിസ് ഗോവിന്ദന്റെ താമസസ്ഥലം തന്നെയായിരുന്നു. തെലുങ്കുകവിയും ചിന്തകനുമായിരുന്ന ആന്ധ്രക്കാരൻ രാമകൃഷ്ണറാവുവാണ് മദിരാശിയിൽ പാർട്ടി സംഘടിപ്പിക്കാനെത്തുന്നത്. പെരിയോറിന്റെ അനുയായികളുമായിച്ചേർന്നുള്ള റാഡിക്കലുകളുടെ തൊഴിലാളിപ്രവർത്തനം രാമകൃഷ്ണറാവുവിനെ നന്നായാകർഷിച്ചു. ഇന്ത്യയിൽ മറ്റു പലേടത്തും തൊഴിലാളികളെ സംഘടിപ്പിക്കാൻ ഈ മാതൃക റാഡിക്കൽ പാർട്ടി സ്വീകരിച്ചു. ലോകം ഒരു മഹായുദ്ധത്തിനു നടുവിലാണ്. യുദ്ധം എല്ലാ രാജ്യങ്ങളെയും ബാധിക്കുന്നു. അതുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ ഉല്പാദനം ഊർജിതപ്പെടുത്തുക. റാഡിക്കൽ പാർട്ടിയും അതിന്റെ തൊഴിലാളിവിഭാഗവും ഈ നയമാണ് ഇന്ത്യയുടെ മുന്നിൽ വെച്ചത്.

ഗോവിന്ദൻ മദിരാശിയിലെ ചേരിവാസികളായ അസംഘടിതരെ അവരുടെ തൊഴിൽരംഗങ്ങൾക്കുവേണ്ടിയും അസ്പൃശ്യതയുടെ നരകത്തിൽനിന്നുള്ള മോചനങ്ങൾക്കു വേണ്ടിയും സംഘടിപ്പിച്ചു. മലയാളികൾ കൂടുതലുണ്ടായിരുന്ന ചായപ്പീടിക തൊഴിലാളികളെയും തയ്യൽത്തൊഴിലാളികളെയും സംഘടിപ്പിച്ചു. മാർക്സിസ്റ്റു പുസ്തകത്തിലെ ലംബൻ പ്രോലിറ്റേറിയറ്റിനെ തൊഴിലാളികളുടെ ഒരു 'സംസ്കൃത' വർഗമാക്കി സംഘടിപ്പിക്കുകയെന്നതായിരുന്നു ഗോവിന്ദന്റെ ലക്ഷ്യം. തൊഴിലാളിപ്രവർത്തനം പോലെതന്നെ ഇതൊരു മാനുഷികപ്രവർത്തനവുമായിരുന്നു. മനുഷ്യത്വവും ജനാധിപത്യവും വ്യക്തിസ്വാതന്ത്ര്യവും കൊണ്ട് കമ്യൂണിസത്തെ 'സംസ്കൃതവത്കരിക്കണ' മെന്ന ഒരാവശ്യമേ അദ്ദേഹത്തിന് കമ്യൂണിസ്റ്റു പാർട്ടികളോടുമുണ്ടായിരുന്നുള്ളൂ. മദിരാശിയിലെ ഫാക്ടറിത്തൊഴിലാളിവർഗത്തിനും കാർഷിക തൊഴിലാളിവർഗത്തിനും സംഘടനാബോധം കടന്നുവന്നിട്ടില്ലാത്ത കാലം. യൂറോപ്പിൽ മാർക്സ് വിഭാവനം ചെയ്ത വിപ്ലവവർഗം പാവപ്പെട്ട തമിഴ്നാട്ടിലൊന്നുമുണ്ടായിക്കഴിഞ്ഞിട്ടില്ലായിരുന്നുവെന്ന്. അർഥം. റാഡിക്കൽ ഡെമോക്രാറ്റിക് പാർട്ടിയുടെ പരിപാടിയെന്നതിലുപരി, ഗോവിന്ദൻ തൊഴിലാളിപ്രവർത്തനത്തിൽ മുഴുകുകയായിരുന്നു. ഇതിന് ആത്മബലവും ധാർമിക പിന്തുണയും നൽകിയത് പെരിയോറിന്റെ ആളുകളായിരുന്നു. പെരിയോറിനെ ശക്തമായി പിന്തുണച്ച 'സൺഡേ ഒബ്സർവർ' റാഡിക്കൽ ഡെമോക്രാറ്റുകളെയും പിന്തുണച്ചു. തമിഴ് ദേശീയത്വത്തിന്റെ മനസ്സിലെ രാഷ്ട്രീയം എം.എൻ.റോയിയിൽ ഒരു നാഥനെ കണ്ടിരുന്നു.

തൊഴിലാളിപ്രവർത്തനങ്ങൾക്കിടയിൽ ഗോവിന്ദൻ ഒരു സർക്കാർ ജോലിയിലും പ്രവേശിച്ചു - സർക്കാരിന്റെ പബ്ലിക് റിലേഷൻസ് വകുപ്പു നടത്തിയ 'വാർ റിവ്യൂ' എന്ന പ്രസിദ്ധികരണത്തിന്റെ ചുമതലക്കാരനായിട്ട്. സൈനികരറിയേണ്ട കാര്യങ്ങളാണ് കൂടുതലായും വാർ റിവ്യൂവിൽ വന്നുകൊണ്ടിരുന്നത്. സൈന്യത്തിൽ മലയാളികളും അന്ന് ഏറെയുണ്ടായിരുന്നു. സൈനികരെ അറിയിക്കാനുള്ള കാര്യങ്ങളും സൈനികരുടെ ലേഖനങ്ങളും കഥകളും കവിതകളുമൊക്കെയായിരുന്നു വാർ റിവ്യൂവിൽ പ്രസിദ്ധികരിച്ചുകൊണ്ടിരുന്നത്. പകൽ കുറെസമയം ജോലിചെയ്യുക, പിന്നീടുള്ള സമയം ജാഥ സംഘടിപ്പിക്കലും വൈകുന്നേരമാകുമ്പോൾ പ്രസംഗവും വർഗസമരത്തിനാഹ്വാനം ചെയ്യലും രാവ് മുഴുക്കെയും പാർട്ടി ചർച്ചയും.

ഭാരതപ്പുഴയുടെ തീരത്തെ ഒരു ഗ്രാമത്തിൽ നിന്ന് എഴുത്തിൽ മനസ്സുവെച്ച് ജീവിതം തുടങ്ങിയ ഗോവിന്ദന്റെ മനസ്സ് ദീർഘമല്ലെങ്കിലും ശക്തമായ ഒരു രാഷ്ട്രീയജീവിതത്തിനു ശേഷം രാഷ്ട്രീയത്തിൽനിന്നകന്നു നിൽക്കാൻ പ്രേരിപ്പിക്കുന്നു. അങ്ങനെ എം.ഗോവിന്ദൻ, എം.എൻ.റോയിക്കെഴുതുന്നു: "അടിസ്ഥാനപരമായി ഞാനൊരു എഴുത്തുകാരനാണ്. ആ മണ്ഡലത്തിൽ എനിക്ക് സ്വതന്ത്രമായി പലതും ചെയ്യാൻ കഴിയും. അതുകൊണ്ട് എന്നെ പാർട്ടിപ്രവർത്തനങ്ങളിൽ നിന്നൊഴിവാക്കുക." റോയി ഇത് ശരിവെച്ചുകൊണ്ടുതന്നെ ഗോവിന്ദനെഴുതി: ആനന്ദം. നിനിന്റെ വിളക്കാവുക എന്ന മട്ടിൽത്തന്നെയുള്ള മറുപടി.

1948-ൽ റാഡിക്കൽ ഡെമോക്രാറ്റിക് പാർട്ടി പിരിച്ചുവിടുമ്പോൾ ഗോവിന്ദന്റെ കഴിവിനെക്കുറിച്ച് റോയി പ്രത്യേകം പ്രതിപാദിച്ചിരുന്നു. റാഡിക്കൽ ഡെമോക്രാറ്റിക് പാർട്ടി പിരിച്ചുവിടുന്നതിൽ ഒരു കുഴപ്പവുമില്ല. ഇത് നാടിന്റെ അധികാരം ലക്ഷ്യംവെക്കുന്ന ഒരു പാർട്ടിയല്ല; നല്ല ഭരണവും നല്ല ജീവിതവ്യവസ്ഥയും മനുഷ്യസ്വാതന്ത്ര്യവും നന്മയും ആശിക്കുന്നവരുടെ ഒരു കൂട്ടായ്മയായിരുന്നു ഈ പാർട്ടി. ഒരു രാഷ്ട്രീയപ്പാർട്ടിയിലെ അനുയായികളെ പഠിപ്പിക്കുന്നത് തങ്ങളുടെ പരിപാടി നടപ്പാക്കാൻ തങ്ങളുടെ പാർട്ടി അധികാരത്തിൽ വരണമെന്നാണ്. ഇത് രാഷ്ട്രീയപ്പാർട്ടികളുടെ ഒരു പൊതുധാരണയായി മാറിപ്പോയി. ഇങ്ങനെയായാൽ, രാഷ്ട്രീയപ്പാർട്ടിയെന്നത് അധികാരം നേടാനുള്ള ഒരു മാർഗമെന്നാണർഥം. അതിനെന്തു തന്ത്രവും കുതന്ത്രവുമാവാം. ലക്ഷ്യം മാർഗത്തെ ന്യായീകരിക്കും. ഇത് അങ്ങനെയല്ലാത്ത ഒരു പാർട്ടിയായതുകൊണ്ട് പിരിച്ചുവിടുന്നതിൽ ഒരു പ്രശ്നവുമില്ല. ഈ പാർട്ടി കൊണ്ടുദ്ദേശിച്ചത് ഒരു തത്ത്വദീക്ഷയാണ്... എന്ന് അദ്ദേഹം അദ്ദേഹത്തിന്റെ സഖാക്കളെ അറിയിച്ചു. എന്നിട്ട്, പിന്നെയും ഏതാണ്ട് ആറുകൊല്ലം അദ്ദേഹം ഇന്ത്യയിൽ ജീവിച്ചു. അദ്ദേഹം ഇന്ത്യയിലേക്കു വരുമ്പോൾ ദേശീയപ്രസ്ഥാനങ്ങളുടെ മുൻപേജിലെ വൻതലക്കെട്ട് 'ലോക വിപ്ലവകാരി മാതൃരാജ്യത്തേക്ക്' എന്നായിരുന്നു. 1947 ആഗസ്ത് 15-നുശേഷം എം.എൻ.റോയിക്ക് ഇന്ത്യൻ രാഷ്ട്രീയത്തിൽ പ്രസക്തിയുണ്ടായില്ല. തനിക്ക് അങ്ങനെയൊരു പ്രസക്തിയല്ല റോയി ഇന്ത്യയിൽ ആഗ്രഹിച്ചത്. പക്ഷേ, ജനങ്ങൾക്കുവേണ്ടി അദ്ദേഹം ഒരു കാര്യം ആഗ്രഹിച്ചിരുന്നു - മാർക്സിസത്തിന്റെ വെളിച്ചത്തിലൂടെ ഇന്ത്യൻ മനുഷ്യന് ഒരു മാനവയുഗം. എന്നാൽ, ഗാന്ധിജിയുടെ അർജുനന്മാരും ഏകലവ്യന്മാരും ഖാദിക്കുപ്പായമിട്ട് അധികാരത്തിന്റെ അപ്പക്കഷണത്തിലേക്കു നോക്കിനിൽക്കുന്ന കാലം അദ്ദേഹം കണ്ടു. ആ കാലം ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ശാപോപശാപകളായി ഇന്ത്യയുടെ ഇക്കാലത്തിലൂടെയും നീങ്ങുകയാണ്. ■

1947 ആഗസ്ത് 15-നുശേഷം എം.എൻ.റോയിക്ക് ഇന്ത്യൻ രാഷ്ട്രീയത്തിൽ പ്രസക്തിയുണ്ടായില്ല. അങ്ങനെയൊരു പ്രസക്തിയല്ല റോയി ഇന്ത്യയിൽ ആഗ്രഹിച്ചത്. പക്ഷേ, ജനങ്ങൾക്കുവേണ്ടി അദ്ദേഹം ഒരു കാര്യം ആഗ്രഹിച്ചിരുന്നു - മാർക്സിസത്തിന്റെ വെളിച്ചത്തിലൂടെ ഇന്ത്യൻ മനുഷ്യന് ഒരു മാനവയുഗം. എന്നാൽ, ഗാന്ധിജിയുടെ അർജുനന്മാരും ഏകലവ്യന്മാരും ഖാദിക്കുപ്പായമിട്ട് അധികാരത്തിന്റെ അപ്പക്കഷണത്തിലേക്കു നോക്കിനിൽക്കുന്ന കാലം അദ്ദേഹം കണ്ടു.

Scanned with CamScanner